



। എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

23. നിന്റെ നാഥൻ വിധിച്ചിരിക്കുന്നു; അവനല്ലാതെ മറ്റാർക്കും നിങ്ങൾ അടിമപ്പെടാൻ പാടില്ലാത്തതാകുന്നു. മാതാപിതാക്കളെ ഭംഗിയായി പരിചരിച്ചു കൊള്ളണമെന്നും. നിന്റെയടുക്കൽ അവരിൽ ഒരാളോ രണ്ടു പേരുമോ വാർധക്യം പ്രാപിക്കുന്നുവെങ്കിൽ 'ഛെ' എന്നുപോലും അവരോടു പറഞ്ഞുകൂടാ. കയർത്തു സംസാരിക്കുകയുമരുത്. ആദരവോടെ വേണം സംസാരിക്കാൻ.

۞ وَقَضَىٰ رَبُّكَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ وَبِٱلْوَٰلِدَيْنِ إِحْسَٰنًا ۚ إِمَّا يَبْلُغَنَّ
عِندَكَ ٱلْكِبَرَ أَحَدُهُمَآ أَوْ كِلَاهُمَا فَلَا تَقُل لَّهُمَآ أُفٍّ وَلَا تَنْهَرْهُمَا
وَقُل لَّهُمَا قَوْلًا كَرِيمًا ﴿٢٣﴾

24. അവരെ കാരുണ്യത്താലുള്ള എളിമയുടെ ചിറകിലൊതുക്കി ശുശ്രൂഷിക്കണം. പ്രാർഥിക്കുകയും ചെയ്യുക: വിധാതാവേ, എന്റെ കുഞ്ഞുന്നാളിൽ ഇവർ എന്നെ സ്നേഹവാത്സല്യങ്ങളോടെ പരിപാലിച്ചപോലെ നീ ഇവരിൽ കാരുണ്യം ചൊരിയേണമേ!

وَٱخْفِضْ لَهُمَا جَنَاحَ ٱلذُّلِّ مِنَ ٱلرَّحْمَةِ وَقُل رَّبِّ ٱرْحَمْهُمَا كَمَا
رَبَّيَانِى صَغِيرًا ﴿٢٤﴾

25. നിങ്ങളുടെ മനസ്സിലുള്ളതെന്തെന്ന് വിധാതാവിന് നന്നായറിയാം. നിങ്ങൾ സച്ചരിതരാകുന്നുവെങ്കിൽ, തെറ്റുകളിൽ നിന്ന് അല്ലാഹുവിങ്കലേക്കു പശ്ചാത്തപിച്ചു മടങ്ങിച്ചെല്ലുന്നവർക്കൊക്കെയും അവൻ ഏറെ പൊറുക്കുന്നവൻ തന്നെയാകുന്നു.

رَّبُّكُمْ أَعْلَمُ بِمَا فِى نُفُوسِكُمْ ۚ إِن تَكُونُوا۟ صَٰلِحِينَ فَإِنَّهُۥ كَانَ لِلْأَوَّٰبِينَ
غَفُورًا ﴿٢٥﴾

وَقَضَىٰ رَبُّكَ = നിന്റെ നാഥൻ വിധിച്ചിരിക്കുന്നു

أَلَّا تَعْبُدُوٓا۟ = എന്തെന്നാൽ നിങ്ങൾ ഇബാദത്ത് ചെയ്യരുത് (അടിമപ്പെടാൻ പാടില്ലാത്തതാകുന്നു)

إِلَّآ إِيَّاهُ = അവനല്ലാതെ(മറ്റാർക്കും) وَبِٱلْوَٰلِدَيْنِ = മാതാപിതാക്കൾക്ക്(ളെ)

إِحْسَٰنًا = നന്മ ചെയ്യലും(ഭംഗിയായി പരിചരിച്ചു കൊള്ളണം)എന്നും إِمَّا يَبْلُغَنَّ = പ്രാപിക്കുന്നുവെങ്കിൽ

عِندَكَ = നിന്റെയടുക്കൽ ٱلْكِبَرَ = വാർധക്യം أَحَدُهُمَآ = ആ രണ്ടുപേരിൽ ഒരാൾ

أَوْ كِلَاهُمَا = അല്ലെങ്കിൽ രണ്ടുപേരും فَلَا تَقُل لَّهُمَآ = അപ്പോൾ രണ്ടുപേരോടും നീ പറഞ്ഞുകൂടാ

أُفٍّ = ഛെ (എന്നുപോലും) وَلَا تَنْهَرْهُمَا = രണ്ടുപേരോടും നീ കയർത്ത് സംസാരിക്കയുമരുത്

وَقُل لَّهُمَا = രണ്ടുപേരോടും നീ പറയുക(വേണം സംസാരിക്കാൻ)

قَوْلًا كَرِيمًا = മാന്യമായ വാക്ക് (ആദരവോടെ) وَٱخْفِضْ = നീ താഴ്ത്തുക(ഒതുക്കി ശുശ്രൂഷിക്കേണം)

لَهُمَا = രണ്ടുപേ(രെയും)ർക്കും جَنَاحَ ٱلذُّلِّ = എളിമയുടെ ചിറക്(കിൽ) مِنَ ٱلرَّحْمَةِ = കാരുണ്യത്താലുള്ള

وَقُل = നീ പറയുക(പ്രാർഥിക്കുകയും ചെയ്യുക) رَّبِّ = എന്റെ വിധാതാവേ

ٱرْحَمْهُمَا = രണ്ടുപേർക്കും(ഇവരിൽ) കാരുണ്യം ചൊരിയേണമേ

كَمَا رَبَّيَانِى = രണ്ടുപേരും എന്നെ സ്നേഹവാത്സല്യങ്ങളോടെ പരിപാലിച്ചതുപോലെ

صَغِيرًا = (ചെറുതായ അവസ്ഥയിൽ(കുഞ്ഞുന്നാളിൽ) رَّبُّكُمْ أَعْلَمُ = നിങ്ങളുടെ വിധാതാവിനു നന്നായറിയാം

بِمَا فِى نُفُوسِكُمْ = നിങ്ങളുടെ മനസ്സുകളിലുള്ളതെന്തെന്ന് إِن تَكُونُوا۟ صَٰلِحِينَ = നിങ്ങൾ സച്ചരിതരാകുന്നുവെങ്കിൽ

فَإِنَّهُۥ كَانَ لِلْأَوَّٰبِينَ = അപ്പോൾ തെറ്റുകളിൽ പശ്ചാത്തപിച്ച് അല്ലാഹുവിങ്കലേക്കു

മടങ്ങിച്ചെല്ലുന്നവർക്ക്(ഒക്കെയും അവൻ)

غَفُورًا = ഏറെ പൊറുക്കുന്നവൻ(തന്നെ)യാകുന്നു

**23–25.** മുൻ സൂക്തത്തിൽ പ്രസ്താവിച്ച ഒന്നാം പ്രമാണത്തിന്റെ അനിവാര്യ താൽപര്യവും അനുബന്ധവുമാണീ സൂക്തത്തിന്റെ പ്രഥമ വാക്യം. മുൻ സൂക്തത്തെപ്പോലെ ഇതും നിഷേധവാക്യമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. അല്ലാഹുവിനെയല്ലാതെ മറ്റാരെയും ദൈവമായി വരിക്കരുത് എന്നതിനർഥം അല്ലാഹുവിനെ മാത്രം ദൈവമായി വരിക്കണം എന്നാണല്ലോ. അതുപോലെ അവനല്ലാതെ മറ്റാർക്കും അടിമപ്പെടാൻ പാടില്ല എന്നതിനർഥം നിങ്ങൾ നിർബന്ധമായും അവന് അടിമപ്പെടേണം എന്നാകുന്നു. تعبدوا വിനെയാണ് നിങ്ങൾ അടിമപ്പെടുക എന്ന തർജ്ജമ ചെയ്തിട്ടുള്ളത്. عبادة ൽ നിന്നുള്ള عبد എന്ന ക്രിയയുടെ മധ്യമപുരുഷ വർത്തമാന രൂപമാണ് تعبدون. ഖുർആൻ ബോധനം സൂറത്തുൽ ഫാതിഹ 5-ാം സൂക്തത്തിനു താഴെ ഈ പദത്തിന്റെ ആശയം വിശദീകരിച്ചിട്ടുണ്ട്. عبادة ന്റെ എല്ലാ അർഥങ്ങളും ഇവിടെ ഉദ്ദേശ്യമാകുന്നു. അല്ലാഹുവിനെ മാത്രം ദൈവമായി സ്വീകരിക്കുകയെന്നാൽ അല്ലാഹു മാത്രമേ ദൈവമുള്ളൂ എന്നംഗീകരിച്ച് മതിയാക്കുകയല്ല; ആരാധനയും ഭയഭക്തി വികാരവും പരമമായ അനുസരണവും സ്നേഹവുമെല്ലാം അവനോടു മാത്രമായിരിക്കുക എന്നുകൂടിയാണ്. എല്ലാ ജീവിത വ്യവഹാരങ്ങളെയും താൻ അല്ലാഹുവിന്റെ അടിമയാണ്, അവന്റെ വിധിവിലക്കുകൾ പാലിക്കേണ്ടവനാണ് എന്ന ഭാവത്തോടെ സമീപിക്കുക; അതാണ് വിശാലമായ അർഥത്തിൽ അല്ലാഹുവിനുള്ള ഇബാദത്ത്. വ്യക്തി ജീവിതത്തിലും സമഷ്ടി ജീവിതത്തിലുമെല്ലാം ഇതായിരിക്കണം മുസ്‌ലിമിന്റെ നിലപാട്. അപ്പോൾ അവന് അല്ലാഹുവല്ലാതെ ഉടമയും വിധാതാവുമുണ്ടാവില്ല. പൂജ്യനും ആരാധ്യനുമുണ്ടാവില്ല. ധർമശാസ്താവും പരമാധികാരിയുമുണ്ടാവില്ല; അഥവാ ഉണ്ടായിക്കൂടാ.

മുഹമ്മദ് നബി(സ) പ്രബോധനമാരംഭിച്ച ആദ്യഘട്ടത്തിൽ തന്നെ ഉയർത്തിയ 'ലാഇലാഹ ഇല്ലല്ലാഹ്-അല്ലാഹുവല്ലാതെ ദൈവമേതുമില്ല' എന്ന പ്രമാണ വാക്യം ഈ അർഥത്തിലുള്ളതായിരുന്നു. ഈ അർഥത്തെ തന്നെയായിരുന്നു ഖുറൈശികൾ രൂക്ഷമായി എതിർത്തതും. ഹിജ്റയുടെ തൊട്ടുതലേ വർഷം അവതരിച്ച പ്രകൃത സൂറയിൽ ഈ ശാസനകൾ നൽകുന്നതിൽ, നിലവിൽ വരാനിരിക്കുന്ന ഇസ്‌ലാമിക രാഷ്ട്രത്തിന്റെ അടിസ്ഥാന പ്രമാണമാണിതെന്ന സൂചന കൂടിയുണ്ട്. ഈ അടിസ്ഥാന പ്രമാണത്തിലധിഷ്ഠിതമായ സാമൂഹ്യ വ്യവസ്ഥയായിരുന്നു പ്രവാചകൻ മദീനയിൽ സ്ഥാപിച്ചതും.

അല്ലാഹുവിനു മാത്രം ഇബാദത്തു ചെയ്യണമെന്നു കൽപിച്ച ഉടനെ മാതാപിതാക്കൾക്ക് احسان കൽപിച്ചതിന് പല അർഥതലങ്ങളുണ്ട്. احسان ന്റെ ഒറ്റവാക്കിലുള്ള അർഥം നന്മ ചെയ്യൽ എന്നാണ്. ഇതിന്റെ ആശയ വിശാലത ഖുർആൻ ബോധനം നേരത്തെ പലയിടത്തും സൂചിപ്പിച്ചിട്ടുണ്ട്. മാതാപിതാക്കൾക്ക് നന്മ ചെയ്യൽ എന്നതുകൊണ്ട് ഖുർആൻ ഉദ്ദേശിക്കുന്നത് മാതാപിതാക്കളെ നന്നായി പരിചരിക്കുകയാണ്.

ദൈവത്തോടുള്ള കടപ്പാടു കഴിഞ്ഞാൽ പിന്നെ മനുഷ്യൻ ഏറ്റവും കടപ്പെട്ടിട്ടുള്ളത് സ്വന്തം മാതാപിതാക്കളോടാണ്. മാതാപിതാക്കളെ അനുസരിച്ചുകൊണ്ടും അവരുടെ അവശ കാലത്ത് സ്നേഹാദരവുകളോടെ ശുശ്രൂഷിച്ചു സംരക്ഷിച്ചുകൊണ്ടുമാണ് ആ കടപ്പാട് പൂർത്തീകരിക്കേണ്ടത്. മനസ്സിനകത്ത് ഉളവാകുന്ന നിന്ദയും വെറുപ്പും പ്രകടിപ്പിക്കുന്ന ശബ്ദമാണ് അറബിഭാഷയിൽ أُفّ . നമ്മുടെ ഭാഷയിലെ ഛെ എന്നും 'പ്ഫാ'.... എന്നും അതിനെ പരാവർത്തനം ചെയ്യാം. ഭർസനം, ശകാരം, വിരട്ട് തുടങ്ങി അർഥമുള്ള انتهار ൽ നിന്നുള്ള ക്രിയാനിഷേധ വചനമാണ് لَا تَنْهَرْ. അനാദരിച്ചുകൊണ്ട് പരുഷമായി സംസാരിക്കരുത് എന്നാണിവിടെ ഉദ്ദേശ്യമെന്ന് 'ആദരവോടെ വേണം സംസാരിക്കാൻ' എന്ന് തുടർന്ന് പറയുന്നതിൽ നിന്ന് മനസ്സിലാക്കാം. മക്കളും മാതാപിതാക്കളും തമ്മിൽ തലമുറകൾ തമ്മിലുള്ള വിടവുണ്ടായിരിക്കും. അഭിപ്രായങ്ങളിലും ആവശ്യങ്ങളിലും പെരുമാറ്റത്തിലുമെല്ലാം അതനുഭവപ്പെടുകയും ചെയ്യും. അവരുടെ ആവശ്യങ്ങളോ അഭിപ്രായങ്ങളോ തെറ്റെന്നു തോന്നിയാലും മക്കൾ അവരെ ആട്ടുകയോ ശകാരിക്കുകയോ ചെയ്തുകൂടാ. വിനയത്തോടെയും ആദര

വോടെയും യാഥാർഥ്യം മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. ഏതു വിഷയത്തിലും അവരുടെ അഭിലാഷവും അഭിപ്രായവും പരമാവധി മാനിക്കുകയും അനുസരിക്കാൻ ശ്രമിക്കുകയും വേണം. قَوْلًا كَرِيمًا നെ വിശദീകരിച്ചുകൊണ്ട് ഉമർ (റ) പ്രസ്താവിച്ചു: "മാതാപിതാക്കളെ പേരെടുത്തു വിളിക്കാതെ 'പ്രിയ പിതാവേ, പ്രിയ മാതാവേ' എന്നു വിളിക്കുകയാണത്. മകൻ അവരുടെ മുമ്പിൽ ഒച്ചയിട്ടു സംസാരിച്ചു കൂട. അവരെ തുറിച്ചു നോക്കുകയുമരുത്' قَوْلًا كَرِيمًا ന്റെ താൽപര്യമന്വേഷിച്ചവരോട് സഈദുബ്നിൽ മുസയ്യബ് പറഞ്ഞു. "തെറ്റുകാരനായ അടിമയുടെ, പരുഷ പ്രകൃതനായ യജമാനനോടുള്ള സംസാരമാണത്."

ഉടമ അടിമയെ പരിപാലിക്കുന്നതുപോലെയോ ഇടയൻ കാലികളെ പരിപാലിക്കുന്നതുപോലെയോ അല്ല; വിനയം കൊണ്ട് പൊതിഞ്ഞാണ് മക്കൾ മാതാപിതാക്കളെ പരിചരിക്കേണ്ടത്. وَاخْفِضْ لَهُمَا جَنَاحَ الذُّلِّ مِنَ الرَّحْمَةِ എന്നാണ് മൂലവാക്യം. മെരുങ്ങി, വഴങ്ങി, വിനീതമായി എന്നും അധമമായി, നീചമായി, നിന്ദ്യമായി എന്നും അർഥമുള്ള ذُلّ യുടെ, ആദ്യം പറഞ്ഞ അർഥങ്ങളിലുള്ള നാമപദമാണ് ذُل. രണ്ടാമത്തെ അർഥങ്ങളിലുള്ള നാമപദം ذلة. ലോലമായത്, മൃദുലമായത് എന്ന് അർഥത്തിൽ ذَلُول ഉം ഉപയോഗിക്കാറുണ്ട്. ആപത്തണയുമ്പോൾ പക്ഷി അതിന്റെ കുഞ്ഞുങ്ങളെ ചിറകിലൊതുക്കി സംരക്ഷിക്കുന്നതുപോലെയാണ് മക്കൾ മാതാപിതാക്കളെ സംരക്ഷിക്കേണ്ടത്. പക്ഷിച്ചിറകിന്റെ തൂവൽസ്പർശത്തോളം മൃദുലവും സ്നിഗ്ധവുമായി മറ്റെന്താണുള്ളത്! തൂവൽ സ്പർശംപോലെ മൃദുലമായ ഈ പെരുമാറ്റം കേവലം നിയമം പാലിക്കുന്നതിനുവേണ്ടിയോ അന്യരുടെ ആക്ഷേപമൊഴിവാക്കുന്നതിനു വേണ്ടിയോ സ്വീകരിക്കേണ്ട നടപടിയല്ല. കറകളഞ്ഞ സ്നേഹവും കാരുണ്യവുമായിരിക്കണം അതിന്റെ പ്രേരകം. അതുകൊണ്ടാണ് مِنَ الرَّحْمَةِ കാരുണ്യത്താലുള്ള എന്ന് പ്രത്യേകം എടുത്തു പറഞ്ഞത്. തങ്ങളുടെ കുഞ്ഞുന്നാളിൽ മാതാപിതാക്കൾ നൽകിയ സ്നേഹവാത്സല്യങ്ങളും കരുണാർദ്രമായ പരിചരണവും മക്കൾ അനുസ്മരിക്കുകയും അതുപോലെ ഇഹത്തിലും പരത്തിലും കരുണ ചൊരിഞ്ഞു അവരെ സംരക്ഷിക്കേണമേ എന്ന് അല്ലാഹുവിനോടു പ്രാർഥിച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടത് മാതാപിതാക്കളോടുള്ള സ്നേഹകാരുണ്യങ്ങളുടെ താൽപര്യവും സൽപെരുമാറ്റത്തിന്റെ ഭാഗവുമാകുന്നു. ഖുർആൻ യഥാർഥത്തിൽ മക്കളിൽ നിന്ന് ആവശ്യപ്പെടുന്നത് മാതാപിതാക്കളോടുള്ള ആത്മാർഥവും നിഷ്കളങ്കവുമായ സ്നേഹവും കാരുണ്യവുമാണ്. അതു നിങ്ങളുടെ മനസ്സിലുണ്ടോ എന്ന് നിങ്ങളെക്കാളറിയാം അല്ലാഹുവിന്. മനസ്സിൽ സ്നേഹാദരവുകൾ സജീവമായിരിക്കുമ്പോഴും ശുശ്രൂഷയിൽ വീഴ്ചകൾ സംഭവിക്കാമെന്നും അല്ലാഹു അറിയുന്നു. അടിസ്ഥാനപരമായി നിങ്ങൾ സച്ചരിതരാണെങ്കിൽ വീഴ്ചകൾ തിരിച്ചറിയുകയും അപ്പപ്പോൾ തിരുത്തുകയും ചെയ്തുകൊണ്ടിരിക്കും. തെറ്റുകുറ്റങ്ങൾ തിരിച്ചറിഞ്ഞ് തിരുത്തുകയും അല്ലാഹുവിനോട് കുറ്റമുക്തി തേടുകയും ചെയ്യുന്നവർക്ക് തീർച്ചയായും അല്ലാഹു പൊറുത്തു കൊടുക്കും. تاب (പശ്ചാത്തപിച്ചു മടങ്ങി) യുടെ പര്യായമായ آب യിൽ നിന്നുള്ള കർതൃപദമായ أواب ന്റെ ബഹുവചനമാണ് أوّابين. അധികമധികം തൗബ ചെയ്യുന്നവർ, ആവർത്തിച്ച് തൗബ ചെയ്യുന്നവർ എന്നാണർഥം.

മാതാപിതാക്കളെ ശുശ്രൂഷിക്കുന്നതു സംബന്ധിച്ചുള്ള ഹദീസുകൾ നിരവധിയാണ്. ബൈഹഖി ഇബ്നുമസ്ഊദിൽ നിന്നുദ്ധരിക്കുന്നു: പിതാവിനെ ഒന്നു നോക്കുന്നതുപോലും ഇബാദത്താണ്. "ഒരു പിതാവും പുത്രനും നബിയെ സന്ദർശിച്ചപ്പോൾ അവിടന്ന് പുത്രനെ ഉപദേശിച്ചതായി ആഇശ(റ) നിവേദനം ചെയ്യുന്നു: 'നീ പിതാവിന്റെ മുന്നിൽ നടക്കരുത്. അദ്ദേഹം ഇരിക്കുന്നതിനുമുമ്പ് ഇരിക്കരുത്. പേരെടുത്തു വിളിക്കരുത്. അദ്ദേഹത്തെ ആക്ഷേപിക്കരുത്.' മറ്റൊരു നിവേദനത്തിൽ മക്കൾ മാതാപിതാക്കൾക്കുനേരെ കൈചൂണ്ടി സംസാരിക്കുന്നതും വിലക്കിയിരിക്കുന്നു. ഉർവയിൽ നിന്ന് ഇബ്നു അബീ ഹാതിം ഉദ്ധരിക്കുന്നു: മാതാപിതാക്കൾ എന്നോട് ദേഷ്യപ്പെട്ടാൽ നീ അവരെ തുറിച്ചു നോക്കരുത്." അദ്ദേഹം സുബൈറുബിൻ മുഹമ്മദിൽ നിന്ന് ഉദ്ധരിക്കുന്നു: മാതാപിതാക്കൾ നിന്നെ ശകാരിക്കുകയോ ശപിക്കുകയോ ചെയ്താലും رَحِمَكُمُ اللهُ وَغَفَرَ اللهُ لَكُمَا (അല്ലാഹു നിങ്ങളിൽ കരുണ ചൊരിയട്ടെ, നിങ്ങൾക്കു പൊറുത്തു തരുമാറാകട്ടെ) എന്നാണ് നീ പറയേണ്ടത്. ബുഖാരിയും മുസ്ലിമും തിർമിദിയും ഉദ്ധരിച്ച ഒരു ഹദീസിൽ ഇങ്ങനെ കാണാം: ഇബ്നു മസ്ഊദ്(റ) പ്രവാചകനോടു ചോദിച്ചു: അല്ലാഹുവിന് ഏറ്റം പ്രിയപ്പെട്ട കർമമേതാണ്? തിരുമേനി പറഞ്ഞു: കൃത്യസമയത്തുള്ള നമസ്കാരം. അദ്ദേഹം വീണ്ടും ചോദിച്ചു: പിന്നെ ഏതാണ്. തിരുമേനി പറഞ്ഞു: പിന്നെ മാതാപിതാക്കൾക്ക് നന്മ ചെയ്യുക. ഇബ്നുമസ്ഊദ് വീണ്ടും ചോദിച്ചു: പിന്നെ ഏതാണ്? തിരുമേനി: പിന്നെ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുക." ഇമാം ബുഖാരി അദബുൽ മുഫ്റദിൽ ഉദ്ധരിച്ച ഒരു നിവേദനത്തിൽ പറയുന്നു: ഒരാൾ ഹിജ്റ ചെയ്യാമെന്ന് നബി(സ)യോട് ബൈഅത് (പ്രതിജ്ഞ) ചെയ്യാൻ വന്നു. അയാളുടെ വേർപാടിൽ വിലപിക്കുന്ന മാതാപിതാക്കളെ ഉപേക്ഷിച്ചാണ് അയാളെത്തിയത്. നബി അയാളോടു പറഞ്ഞു: "നീ നിന്റെ മാതാപിതാക്കളെ കരയിച്ചതുപോലെ തിരിച്ചുപോയി ചിരിപ്പിക്കുക." പ്രായമായ മാതാപിതാക്കളെ വെടിഞ്ഞ് ജിഹാദിനു പോകാൻ സന്നദ്ധനായ ഒരാളോട് നബി(സ) പറഞ്ഞതായി ഇബ്നു അബീശൈബ ഉദ്ധരിക്കുന്നു: "നീ സ്വന്തം മാതാപിതാക്കളിൽ ജിഹാദ് ചെയ്യുക." അവരെ പരിചരിക്കുകയാണ് നിന്റെ ജിഹാദ് എന്ന് താൽപര്യം. നബി(സ) പ്രസ്താവിച്ചതായി ബൈഹഖി ഉദ്ധരിക്കുന്നു: "മാതാപിതാക്കളുടെ പ്രീതിയിലാണ് അല്ലാഹുവിന്റെ പ്രീതി. മാതാപിതാക്കളുടെ വെറുപ്പിലാണ് അല്ലാഹുവിന്റെ വെറുപ്പ്." നസാഇയും ഇബ്നുമാജയും ഉദ്ധരിക്കുന്നു: ജാബിർ പറഞ്ഞു: ജിഹാദിലേർപ്പെടുന്നതിനെക്കുറിച്ച് ഞാൻ നബി(സ)യോട് ഉപദേശം തേടിയപ്പോൾ തിരുമേനി ചോദിച്ചു: നിനക്ക് മാതാവ് ജീവിച്ചിരിപ്പുണ്ടോ? ഞാൻ പറഞ്ഞു: ഉണ്ട്. തിരുമേനി: എങ്കിൽ നീ പോയി അവരെ ശുശ്രൂഷിക്കുക. അവരുടെ പാദങ്ങൾക്കടുത്താകുന്നു സ്വർഗം." നബി(സ) പ്രസ്താവിച്ചതായി നസാഇയും ബൈഹഖിയും ഉദ്ധരിക്കുന്നു: "മാതാപിതാക്കളെ ദ്രോഹിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതല്ല." പ്രായമായ മാതാപിതാക്കളുണ്ടായിട്ടും നരകത്തിൽ പോകേണ്ടി വരുന്നവൻ മഹാദൗർഭാഗ്യവാനാണെന്ന് തിർമിദി ഉദ്ധരിച്ച ഒരു നിവേദനത്തിൽ കാണാം. സ്വർഗത്തിലേക്കു തുറന്നു കിടക്കുന്ന വിശാലമായ വാതിലാണ് മാതാപിതാക്കളെ ശുശ്രൂഷിക്കലെന്നും മാതാപിതാക്കളെ പരിചരിക്കാതെ ആ വാതിൽ പാഴാക്കുന്നത് ഏറ്റം ദൗർഭാഗ്യകരമാണെന്നു

മാണതിന്റെ സാരം. ഈ പ്രമാണങ്ങളെ ആധാരമാക്കി മാതാപിതാക്കളെ ദ്രോഹിക്കുന്നത് മഹാപാപങ്ങളി-كبائر-ൽ ഒന്നായി ഇസ്‌ലാമിക ശരീഅത്ത് എണ്ണിയിരിക്കുന്നു.

മാതാപിതാക്കളോടുള്ള കാരുണ്യവും സൽകർമവും അവർ മരിച്ച ശേഷവും നിലനിൽക്കുന്നതാണ്. മാലിക്കുബ്നിൻ റബീഅഃ നിവേദനം ചെയ്തതായി അഹ്മദും അബൂദാവൂദും ഉദ്ധരിക്കുന്നു: ഒരിക്കൽ നബി(സ)യുടെ സന്നിധിയിൽ ഇരിക്കുമ്പോൾ അൻസ്വാരികളിലൊരാൾ വന്ന് ചോദിച്ചു: തിരുദൂതരേ, എന്റെ മാതാപിതാക്കൾ മരിച്ചശേഷം അവരോട് ചെയ്യേണ്ട വല്ല കടമയും എന്നിൽ അവശേഷിക്കുന്നുണ്ടോ? തിരുമേനി പറഞ്ഞു: ഉണ്ട്. നാലു കാര്യം. അവർക്കു വേണ്ടി മയ്യിത്തു നമസ്കരിക്കുക, അവരുടെ പാപമോചനത്തിനു പ്രാർഥിക്കുക, അവർ ചെയ്ത കരാറുകൾ പാലിക്കുക, അവരുടെ കൂട്ടുകാരെ ആദരിക്കുകയും അവരിലൂടെ മാത്രം നിന്റെ കുടുംബക്കാരായവരുമായി ബന്ധം നിലനിർത്തുകയും ചെയ്യുക. ഇവയാണ് അവരുടെ മരണശേഷം നിന്റെ മേൽ അവശേഷിക്കുന്ന കടമകൾ."

മാതാപിതാക്കൾ ശർഇനു വിരുദ്ധമായ കാര്യങ്ങൾ ആവശ്യപ്പെട്ടാൽ അനുസരിക്കേണ്ടതില്ല. 'സ്രഷ്ടാവിനെ ധിക്കരിച്ചുകൊണ്ട് സൃഷ്ടികൾക്ക് അനുസരണമില്ല' എന്നത് ഇസ്‌ലാമിന്റെ പൊതുതത്ത്വമാണ്. മാതാപിതാക്കൾ ബഹുദൈവവിശ്വാസപരമായ കാര്യങ്ങൾ ആവശ്യപ്പെട്ടാൽ വഴങ്ങരുതെന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്: وَإِن جَـٰهَدَاكَ عَلَىٰٓ أَن تُشْرِكَ بِى مَا لَيْسَ لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَا (അവർ നിനക്കറിഞ്ഞുകൂടാത്ത വല്ലതിനെയും എന്റെ പങ്കാളിയാക്കാൻ നിന്നെ നിർബന്ധിച്ചാൽ അനുസരിക്കരുത്-31:15). എന്നാൽ ഐഹിക ജീവിതത്തിൽ അവരെ ബഹിഷ്കരിക്കരുതെന്നും തുടർന്നു പറയുന്നുണ്ട് وَصَاحِبْهُمَا فِى ٱلدُّنْيَا مَعْرُوفًا ഈ ലോകത്ത് നീ അവരോട് മാന്യമായി സഹവസിക്കണം." അവരെ കൂടെ താമസിപ്പിച്ച് അനുവദനീയമായ കാര്യങ്ങളിലെല്ലാം അവരെ അനുസരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുകയാണ് മാന്യമായ സഹവാസം. അന്യമതസ്ഥരായ മാതാപിതാക്കൾ ദരിദ്രരാണെങ്കിൽ മുസ്‌ലിംകളായ മക്കൾ അവർക്ക് ചെലവിനു കൊടുക്കണം. എന്നാൽ മരണാനന്തരം അവർ തമ്മിൽ ദായധനാവകാശമുണ്ടായിരിക്കുകയില്ല. അന്യമതസ്ഥരായ മാതാപിതാക്കൾ മുസ്‌ലിംകളായ മക്കൾക്കുവേണ്ടിയും മുസ്‌ലിംകളായ മക്കൾ അന്യമതസ്ഥരായ മാതാപിതാക്കൾക്കുവേണ്ടിയും സ്വത്ത് വസ്വിയത്തു ചെയ്യാവുന്നതാണ്. ജീവിതകാലത്ത് അവരുടെ സന്മാർഗത്തിനും സൗഖ്യത്തിനും വേണ്ടി പ്രാർഥിക്കാം. എന്നാൽ വിഗ്രഹാരാധകരായ മാതാപിതാക്കളുടെ പാപമോചനത്തിനുവേണ്ടി പ്രാർഥിക്കാവതല്ലെന്ന് ഖുർആൻ അനുശാസിച്ചിരിക്കുന്നു:

مَا كَانَ لِلنَّبِىِّ وَٱلَّذِينَ ءَامَنُوٓا۟ أَن يَسْتَغْفِرُوا۟ لِلْمُشْرِكِينَ وَلَوْ كَانُوٓا۟ أُو۟لِى قُرْبَىٰ

(ബഹുദൈവാരാധകരുടെ പാപമോചനത്തിനു വേണ്ടി പ്രാർഥിക്കുക പ്രവാചകനും സത്യവിശ്വാസികൾക്കും ഭൂഷണമല്ല-അവർ എത്ര ഉറ്റവരായിരുന്നാലും ശരി-9:113). ആരോടാണോ പാപമോചനം തേടുന്നത് അവന്റെ ബദ്ധവൈരികളാണ് തങ്ങളെന്ന് ജീവിതംകൊണ്ട് സ്വയം സ്ഥാപിച്ച് മരിച്ചവരാണല്ലോ അവർ.

അല്ലാഹുവിന്റെ ഏകത്വവും അവനു മാത്രമുള്ള അടിമത്തവും പരാമർശിച്ച ഉടനെ മാതാപിതാക്കളെ പരാമർശിച്ചതിന്റെ മറ്റൊരു താൽപര്യം മാനവികതയുടെയും-കുടുംബ-സാമൂഹ്യ വ്യവസ്ഥയുടെയും അടിത്തറയാണവർ എന്നതാകുന്നു. പുതുതായി പിറക്കുന്ന മനുഷ്യേതര ജീവികൾ ജനിച്ച് ഏതാനും മണിക്കൂറുകൾക്കകം എഴുന്നേറ്റു നടക്കാനും സ്വയം ഇരതേടി ജീവിക്കാനും തുടങ്ങുന്നു. ഒരു മനുഷ്യ ശിശുവിന് അതിനു കഴിയണമെങ്കിൽ വളരെ വർഷങ്ങൾ പിന്നിടേണം. മാതാപിതാക്കളുടെ നിതാന്തശ്രദ്ധയും പരിചരണവുമില്ലെങ്കിൽ പിറന്നു വീണിടത്തു കിടന്ന് മരിച്ചുപോവുകയേ അതിനു ഗതിയുള്ളൂ. മനുഷ്യ ശിശുവിനെ സ്വയം ജീവിക്കാൻ പ്രാപ്തനാകുന്നതുവരെ പോറ്റിവളർത്താൻ പ്രേരിപ്പിക്കുന്ന സ്നേഹവാത്സല്യങ്ങളും കാരുണ്യവും അല്ലാഹു മാതാപിതാക്കളിൽ പ്രകൃത്യാ നിക്ഷേപിച്ചിരിക്കുന്നു. മനുഷ്യൻ കുടുംബവും സമൂഹവുമായി സംഘടിക്കുന്നതിനുവേണ്ടിയുള്ള ദൈവികമായ ആസൂത്രണമാണിത്. പെറ്റുവീണ ഉടനെ ഓരോരുത്തർക്കും അവരവരുടെ അന്നം തേടി ജീവിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇന്നുകാണുന്ന മാനവകുടുംബമോ സമൂഹമോ രൂപപ്പെടുമായിരുന്നില്ല. അവശരായ കുഞ്ഞുങ്ങളെ മാതാപിതാക്കൾ സംരക്ഷിക്കുക. അവശരാകുന്ന മാതാപിതാക്കളെ മക്കൾ സംരക്ഷിക്കുക. മാതാപിതാക്കൾ മക്കളെ സംരക്ഷിക്കാൻ പ്രത്യേക നിയമശാസനകൾ ആവശ്യമില്ല. ദൈവം അത് മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും അനിവാര്യ സ്വഭാവമാക്കിയിരിക്കുന്നു. മാതാപിതാക്കളെ സംരക്ഷിക്കാനുള്ള മക്കളുടെ വികാരവും പ്രകൃതിപരമാണെങ്കിലും അത് അവരുടെ അനിവാര്യ സ്വഭാവമാക്കിയിട്ടില്ല. ബുദ്ധികൊണ്ടും വിവേകം കൊണ്ടും ഉണർത്തേണ്ടതാണത്. വിവേകശൂന്യതയും ലോഭമനസ്സും ചിലർക്ക് അതിനു തടസ്സമായിത്തീരും. അതുകൊണ്ടാണ് മക്കൾക്ക് മാതാപിതാക്കളോടുള്ള കടമയെ മാത്രം നിയമമായി അനുശാസിച്ചത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള കടപ്പാടും സ്നേഹകാരുണ്യങ്ങളും കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധമായും കുടുംബങ്ങൾ തമ്മിലുള്ള ബന്ധം സാമൂഹ്യബന്ധമായും വികസിക്കുന്നു. സ്നേഹപാശത്താൽ സുദൃഢമായി ബന്ധിച്ച അംഗങ്ങളുടെ സംഘമായ കുടുംബം, അതേ പാശത്താൽ ബന്ധിച്ച കുടുംബങ്ങളുടെ കൂട്ടമായ സമൂഹം, അത്തരം സമൂഹങ്ങളുടെ കൂട്ടമായ മർത്യലോകം. ഇതാണ് ഇസ്‌ലാം ലക്ഷ്യമാക്കുന്ന മാനവസമൂഹം.

മാതാപിതാക്കൾ ഏറ്റം സ്നേഹകാരുണ്യങ്ങളർഹിക്കുന്നവരും ആദരണീയരും അനുസരിക്കപ്പെടേണ്ടവരും സേവിക്കപ്പെടേണ്ടവരുമാണെങ്കിലും അവർ ദൈവതുല്യരാകുന്നില്ല എന്ന ആശയവും ഈ സൂക്തങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ന്യായമായ കാര്യങ്ങളിൽ അവരെ അനുസരിക്കണം, പക്ഷേ ആരാധിച്ചുകൂടാ. അതായത് അവരോടുള്ള അനുസരണം ന്യായാന്യായ വിചാരമില്ലാതെയാകരുത്. ചോദ്യം ചെയ്യപ്പെട്ടുകൂടാത്തവൻ അല്ലാഹുവാണ്. അവൻ മാത്രമാണ് സത്യത്തിന്റെയും നീതിയുടെയും ആധികാരിക സ്രോതസ്സ്. ദൈവത്തോടുള്ള ആരാധനക്കും അനുസരണത്തിനും വിധേയമായിരിക്കണം മാതാപിതാക്കളോടുള്ള കൂറും വിധേയത്വവും. ■